# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.3175     15.12.2015-ലെ മറുപടിക്ക്

## കാസർകോഡ് നിയോജകമണ്ഡലത്തിലെ റോഡുകൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ.എൻ.എ. നെല്ലിക്കുന്ന്** | | **ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്**<br>(ബഹു. പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
| (എ). ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാസർകോഡ് നിയോജകമണ്ഡലത്തിൽ എത്ര പുതിയ റോഡുകൾ അനുവദിച്ചിട്ടുണ്ട് ; റോഡുകളുടെ പേരും അനുവദിച്ച ഫണ്ടും വ്യക്തമാക്കുമോ;<br>(ബി) പ്രസ്തുത റോഡുകളുടെ പണി ആരംഭിച്ചിട്ടുണ്ടോ ; എങ്കിൽ എപ്പോൾ ആരംഭിച്ചു എന്നും നിർമ്മാണം പൂർത്തിയാക്കിയിട്ടില്ലായെങ്കിൽ നിലവിലെ അവസ്ഥ എന്താണെന്നും വ്യക്തമാക്കാമോ ; | (എ) & (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാസർകോഡ് നിയോജകമണ്ഡലത്തിൽ അനുവദിച്ച പുതിയ റോഡുകളുടെ പേരും അനുവദിച്ച തുകയും പ്രവൃത്തികളുടെ അവസ്ഥയും അനുബന്ധമായി ചേർത്തിരിക്കുന്നു |
| (സി) അനുവദിച്ച റോഡുകളുടെ പണി ആരംഭിച്ചിട്ടില്ലായെങ്കിൽ അതിനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കാമോ; വീഴ്ച വരുത്തിയവർക്കെതിരെ എന്തു നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ? | (സി) | പ്രവൃത്തി ആരംഭിച്ചിട്ടില്ലാത്ത ചെർക്കളപാടി എതിർത്തോട് റോഡ് കി.മീ 0/000 മുതൽ 5/200 വരെ (200 ലക്ഷം) പ്രവൃത്തി റിസ്ക് & കോസ്റ്റ് ആയി എഗ്രിമെന്റ് ടെർമിനേറ്റ് ചെയ്യാൻ ഉള്ള നടപടികൾ കോഴിക്കോട് നിരത്തുകളും പാലങ്ങളും വിഭാഗം സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ ആഫീസിൽ സ്വീകരിച്ചു വരുന്നു. ആയതിന് ഡിപ്പാർട്ട്മെന്റ് തലത്തിൽ യാതൊരു വീഴ്ചയും വരുത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ

# പി.ഡബ്യ.ഡി റോഡ്സ് ഡിവിഷൻ കാസർകോട്

## കാസർകോഡ് നിയോജക മണ്ഡലത്തിലെ പ്ലാൻ പ്രവൃത്തികൾ തീയ്യതി 30/11/2015

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | അനുവദിച്ച തുക (ലക്ഷത്തിൽ) | പ്രവൃത്തി ആരംഭിച്ച തീയ്യതി | നിലവിലുള്ള അവസ്ഥ |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| 1 | കുമ്പള- ബദിയടുക്ക - മുള്ളേരിയ റോഡിൽ കി.മീ 0/000 മുതൽ 28/776 വരെ ബി.എം - ബി.സി ചെയ്യുന്ന പ്രവൃത്തി | 2000 | 06/06/2012 | 24 കി.മീ ബി.എമ്മും 28 കി.മീ ബി.സി പ്രവൃത്തിയും പൂർത്തീകരിച്ചു |
| 2 | ചൗക്കി - ഉളിയത്തടുക്ക - എസ്.പി നഗർ - കോപ്പ റോഡ് കി.മീ 0/000 മുതൽ 7/500 വരെ അഭിവൃദ്ധിപ്പെടുത്തുന്ന പ്രവൃത്തി | 325 | 05/05/2012 | പ്രവൃത്തി പൂർത്തീകരിച്ചു |
| 3 | വിദ്യാനഗർ - പന്നിപ്പാറ - കല്ലകട്ട - പാടി റോഡിൽ കി.മീ 0/000 മുതൽ 6/200 വരെ ബി.എം - ബി.സി ചെയ്യുന്ന പ്രവൃത്തി | 600 | 13/09/2012 | ബി.എം ബി.സി 6 കി.മീ പൂർത്തീകരിച്ചു, 641 ലക്ഷം രൂപയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് സി.ഇ. /ആർ&ബി/ കെ.എസ്.ഡി/529/12 തീയതി 17.11.2015 പ്രകാരം സർക്കാരിലേക്ക് സമർപ്പിച്ചു. |
| 4 | നെല്ലിക്കട്ട - കർമ്മംതോടി റോഡ് കി.മീ 0/000 മുതൽ 11/000 വരെ അഭിവൃദ്ധിപ്പെടുത്തുന്ന പ്രവൃത്തി | 450 | 03/05/2012 | പ്രവൃത്തി പൂർത്തീകരിച്ചു |
| 5 | കാസർകോട് - മധൂർ റോഡ് കി.മീ 0/000 മുതൽ 2/750 വരെ ബി.എം - ബി.സി ചെയ്യുന്ന പ്രവൃത്തി | 150 | 03/03/2012 | പ്രവൃത്തി പൂർത്തീകരിച്ചു |
| 6 | ചെർക്കള - ബേർക്ക - സ്റ്റാർനഗർ - ബേവിഞ്ച റോഡ കി.മീ 0/000 മുതൽ 2/200 വരെ അഭിവൃദ്ധിപ്പെടുത്തുന്ന പ്രവൃത്തി | 250 | 05/03/2012 | പ്രവൃത്തി പൂർത്തീകരിച്ചു |
| 7 | നെല്ലിക്കുന്ന് ബീച്ച് റോഡിൽ നെല്ലിക്കുന്ന് പാലം നിർമ്മാണം | 725 | 30/8/2013 | പ്രവൃത്തി പൂർത്തീകരിച്ചു |
| 8 | നെല്ലിക്കുന്ന് ബീച്ച് റോഡ് കി.മീ 0/000 മുതൽ 1/500 വരെ അഭിവൃദ്ധിപ്പെടുത്തുന്ന പ്രവൃത്തി | 219 | 07/04/2015 | പ്രവൃത്തി ഡ്രെയിനേജും ബി.സി റെക്ടിഫിക്കേഷനും ഒഴികെ ബാക്കി പൂർത്തീകരിച്ചു |
| 9 | ബീജന്തടുക്ക - അടിമ്പായി - ചെടേക്കാൽ റോഡ് കി.മീ 0/000 മുതൽ 3/900 വരെ അഭിവൃദ്ധിപ്പെടുത്തുന്ന പ്രവൃത്തി | 200 | 06/01/2014 | പ്രവൃത്തി പൂർത്തീകരിച്ചു |
| 10. | ചെർക്കള - പാടി - എതിർത്തോട് റോഡ് കി.മീ 0/000 മുതൽ 5/200 വരെ അഭിവൃദ്ധിപ്പെടുത്തുന്ന പ്രവൃത്തി | 200 | 10/07/2014 | പ്രവൃത്തി റിസ്ക് & കോസ്റ്റിൽ ടെർമിനേറ്റ് ചെയ്യാൻ ഉള്ള നടപടി ക്രമങ്ങൾ നിരത്തുകളും പാലങ്ങളും വിഭാഗം സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ ഓഫീസിൽ സ്വീകരിച്ചു വരുന്നു. |
| 11 | സിറ്റിസെൻനഗർ - അല്ലാമനഗർ - മാസ്തികുണ്ട റോഡ് കി.മീ 0/000 മുതൽ 4/000 വരെ അഭിവൃദ്ധിപ്പെടുത്തുന്ന പ്രവൃത്തി | 200 | 10/07/2014 | സി.സി പ്രവൃത്തി പുരോഗമിക്കുന്നു |
| 12 | മീപ്പുഗിരി - പാറക്കട്ട - രാംദാസ് നഗർ എസ്.പി ഓഫീസ് റോഡ കി.മീ 0/000 മുതൽ 1/150 വരെ അഭിവൃദ്ധിപ്പെടുത്തുന്ന പ്രവൃത്തി | 79 | 02/03/2015 | പ്രവൃത്തി പൂർത്തീകരിച്ചു |

## കാസർകോഡ് നിയോജക മണ്ഡലത്തിലെ എം.എൽ.എ ആസ്തി വികസ ഫണ്ട് പ്രവൃത്തികൾ തീയ്യതി 30/11/2015

| | | | | |
|---|---|---|---|---|
| 13 | ചെർക്കള ജംഗ്ഷൻ അഭിവൃദ്ധിപ്പെടുത്തുന്ന പ്രവൃത്തി | 200 | 04/11/2015 | പ്രവൃത്തി ആരംഭിക്കാനുള്ള കണ്ടീഷണൽ വർക്ക് ഓർഡർ നൽകിയിട്ടുണ്ട് |

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | അനുവദിച്ച തുക (ലക്ഷത്തിൽ) | പ്രവൃത്തി ആരംഭിച്ച തീയ്യതി | നിലവിലുള്ള അവസ്ഥ |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| 14 | പൊസോളി - ബനത്തടി - മെഗിനെ - ബൊളിഞ്ചെ റോഡിൽ കി.മീ 0/200 ൽ ബനത്തടി തോടിന് കുറുകെ കലുങ്ക് നിർമ്മാണം | 25 | 11/12/2013 | പ്രവൃത്തി പൂർത്തീകരിച്ചു |
| 15 | നാഷണൽ നഗർ - ജുമാമസ്ജിദ് -പുളിക്കൂർ റോഡിൽ കി.മി 0/280 മുതൽ 1/000 വരെ അഭിവൃദ്ധിപ്പെടുത്തുന്ന പ്രവൃത്തി | 25 | 18/07/2014 | പ്രവൃത്തി പൂർത്തീകരിച്ചു |
| 16 | നാവുങ്കാൽ -പുത്തപ്പലം റോഡിൽ കി.മി 0/000 മുതൽ 1/500 വരെ അഭിവൃദ്ധിപ്പെടുത്തുന്ന പ്രവൃത്തി | 50 | 22/07/2015 | മൺ പ്രവൃത്തിയും, ഡി.ആർ, പൈപ്പ് കൽവേർട്ട് എന്നിവ പൂർത്തീകരിച്ചു |
| 17 | ആദൂർപള്ളം - പയങ്ങാടി മസ്ജിദ് റോഡിൽ കി.മി 0/200. മുതൽ 1/050 വരെ അഭിവൃദ്ധിപ്പെടുത്തുന്ന പ്രവൃത്തി | 25 | 06/07/2015 | പ്രവൃത്തി പുരോഗമിക്കുന്നു |
| 18 | എരിയാൽ - ബ്ലാർക്കോട് റോഡ് കി.മീ 0/000 മുതൽ 1/500 വരെ ഉപരിതലം കോൺക്രീറ്റ് ചെയ്യുന്ന പ്രവൃത്തി | 25 | 13/07/2015 | പ്രവൃത്തി ആരംഭിച്ചു |
| 19 | ബളിച്ചെഗെ - പിലിങ്കാനം റോഡിൽ കി.മി 0/200 മുതൽ 1/460 വരെ അഭിവൃദ്ധിപ്പെടുത്തുന്ന പ്രവൃത്തി | 33 | 11/02/2015 | ആദ്യപാളി മെറ്റലിംഗ് പൂർത്തീകരിച്ചു |
| 20 | മദക്കം - കുഞ്ഞത്തോടി - ദസറമൂല റോഡിൽ കി.മി 0/300 മുതൽ 1/120 വരെ അഭിവൃദ്ധിപ്പെടുത്തുന്ന പ്രവൃത്തി | 25 | 08/05/2015 | ആദ്യപാളി മെറ്റലിംഗ് പൂർത്തീകരിച്ചു |
| 21 | ബങ്കളമാർ നെട്ടണിഗെ റോഡിൽ പള്ളപ്പാടി തോടിന് കുറുകെ കലുങ്ക് നിർമ്മാണം | 25 | 12/12/2014 | പ്രവൃത്തി പൂർത്തീകരിച്ചു |
| 22 | കിന്നിങ്കാർ - മദക്കം - കോട്ടിമൂല റോഡിൽ കി.മി 0/000 മുതൽ 0/960 വരെ അഭിവൃദ്ധിപ്പെടുത്തുന്ന പ്രവൃത്തി | 25 | 20/04/2015 | പ്രവൃത്തി പുരോഗമിക്കുന്നു |
| 23 | കുതിങ്കല - പരപ്പ റോഡിൽ കി.മി 0/000 മുതൽ 1/570 വരെ അഭിവൃദ്ധിപ്പെടുത്തുന്ന പ്രവൃത്തി | 45 | 11/02/2015 | മൺപണിയും ആദ്യപാളി മെറ്റലിംഗ് പൂർത്തീകരിച്ചു |
| 24 | മഞ്ഞംപ്പാറ - മംഗലത്തോണി റോഡിൽ കി.മി 0/000 മുതൽ 0/520 വരെ അഭിവൃദ്ധിപ്പെടുത്തുന്ന പ്രവൃത്തി | 25 | | തുക എൽ.എസ്.ജി.ഡി നിക്ഷേപിക്കേണ്ടതാണ് |

D-dy/ (H)
S.O